**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഏലം റിസർവിൽ നിന്നും മരങ്ങൾ മുറിച്ചു മാറ്റിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ശാന്തംപാറയിലെ ഏലം റിസർവിൽ നിന്നും വൻതോതിൽ മരങ്ങൾ മുറിച്ചു മാറ്റിയത് സംബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ സംസ്ഥാന സർക്കാരിന് നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നോട്ടീസ് വനം വകുപ്പ് മേധാവിക്ക് ലഭിച്ചിട്ടുണ്ട്. ഹൈറേഞ്ച് സർക്കിളിലെ മൂന്നാർ ഡിവിഷനിൽ ശാന്തമ്പാറയിൽ CHR ൽപ്പെട്ട ഭൂമിയിൽ ഏലം കൃഷിയുടെ മറവിൽ മരങ്ങൾ മുറിച്ചു മാറ്റിയതുമായി ബന്ധപ്പെട്ട് ഹിന്ദു ദിനപത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ OA-380/2025 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സി എച്ച് ആർ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം മരങ്ങൾ മുറിച്ചുമാറ്റിയതെന്ന് വ്യക്തമാക്കുമോ; | (ബി) | സി എച്ച് ആർ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. ഏലം കൃഷിയുടെ മറവിൽ വനം വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് മരങ്ങൾ മുറിച്ചത്. |
| (സി) | ഏലം റീപ്ലാന്റേഷന്റെ മറവിൽ വൻതോതിൽ മരങ്ങൾ മുറിച്ചുമാറ്റിയ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈ വിഷയത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | മേൽ സംഭവവുമായി ബന്ധപ്പെട്ട് മൂന്നാർ വനം ഡിവിഷനിലെ ദേവികുളം റെയിഞ്ചിൽ ഒ.ആർ. 09/2025, 10/2025 എന്നീ നമ്പരുകളിലായി 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണം പുരോഗമിച്ചു വരുന്നതുമാണ്. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ